# Deepika

## 16 July 2018

## Kochi, Heavy Rain, Wall Collapsed



എറണാകുളം അശോക റോഡിൽ ചുവർ ഇടിഞ്ഞുവീണ് തകർന്ന വർക്ക്ഷോപ്പ് കെട്ടിടം.

**വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ**

# ചുവർ ഇടിഞ്ഞുവീണ് ഏഴു പേർക്ക് പരിക്ക്

**രണ്ടു പേരുടെ നില ഗുരുതരം**

**കൊച്ചി:** എറണാകുളം കലൂരിൽ കനത്ത മഴയിൽ വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ ചുവർ ഇടിഞ്ഞുവീണ് ഫുട്ബോൾ മത്സരം കണ്ടുകൊണ്ടിരുന്ന ഏഴുപേർക്ക് പരിക്ക്. രണ്ടു പേരുടെ നില ഗുരുതരമാണ്. ഇന്നലെ രാത്രി 8.40ന് കലൂർ മാതൃഭൂമിക്കു സമീപം അശോക റോഡിലായിരുന്നു അപകടം.

വിഎം ഇൻസ്ട്രീസ് എന്ന വെൽഡിംഗ് വർക്ക്ഷോപ്പിനുള്ളിൽ ഫുട്ബോൾ ഫൈനൽ മത്സരം കണ്ടുകൊണ്ടിരിക്കെ ചുവർ ഇടിഞ്ഞു ദേഹത്തുവീഴുകയായിരുന്നുവെന്ന് ഗാന്ധിനഗർ ഫയർ ഫോഴ്സ് സ്റ്റേഷൻ ഓഫീസർ ഉണ്ണികൃഷ്ണൻ പറഞ്ഞു.

കലൂർ വെളുത്തമന സുധാകരൻ വൈദ്യരുടെ മകൻ വിനോദ്, സുഹൃത്തുക്കളായ സനൽ, വേണുഗോപാൽ, അജയഘോഷ്, ശശി, കൃഷ്ണൻ, ഉണ്ണിക്കൃഷ്ണൻ എന്നിവർക്കാണ് പരിക്കേറ്റത്. ഗുരുതരമായി പരിക്കേറ്റ വിനോദും ശശിയും എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. മറ്റുള്ളവരെ പ്രാഥമിക ചികിത്സയ്ക്കു ശേഷം വിട്ടയച്ചു. വിനോദിന്റെ സുഹൃത്ത് ജോളി ജോസഫ് സംഭവമറിഞ്ഞ് സ്ഥലത്തെത്തിയാണ് പോലീസിനെയും ഫയർ ഫോഴ്സിനെയും വിവരമറിയിച്ചത്. തുടർന്ന് നോർത്ത് പോലീസും ഗാന്ധിനഗർ ഫയർഫോഴ്സുമെത്തി രക്ഷാപ്രവർത്തനം നടത്തിയത്.

വളരെ പഴക്കമുള്ളതാണ് വർക്ഷോപ്പ് കെട്ടിടം. ദിവസങ്ങളായി തുടരുന്ന മഴയിൽ കുതിർന്ന ചുവരാണ് ഇടിഞ്ഞുവീണത്.